ഉത്തരം

ICMR-ന്റെ ശിപാർശകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരു ദിവസം 200 ഗ്രാം പച്ചക്കറികളും 100 ഗ്രാം പഴവർഗ്ഗങ്ങളും ആവശ്യമാണ്.

ഈ ശിപാർശ പ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 2013-14-ൽ ആകെ 24.38 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിൽ 11.9 ലക്ഷം ടൺ പച്ചക്കറി കേരളത്തിൽ ഉല്പാദിപ്പിച്ചു. ബാക്കി ആവശ്യമായ 12.48 ലക്ഷം ടൺ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നതായി കണക്കാക്കപ്പെടുന്നു. പഴവർഗ്ഗങ്ങളുടെ കാര്യത്തിൽ 2013-14-ൽ ആകെ 12.19 ലക്ഷം ടൺ പഴങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ചക്ക, പപ്പായ എന്നീ പഴവർഗ്ഗങ്ങൾ ഉൾപ്പെടെ ആകെ 24.82 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ശൈത്യമേഖലകളിൽ നിന്നും 5 ലക്ഷം ടൺ പഴവർഗ്ഗങ്ങളും കേരളത്തിൽ വിൽപ്പനയ്ക്കായി എത്തിച്ചിട്ടുണ്ട്.

കർഷക വയൽ വിദ്യാലയം പദ്ധതി

243 (1682) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ കൃഷി ഭവനു കീഴിലും കർഷകവയൽ, വിദ്യാലയം പദ്ധതി പ്രകാരം എത്ര ഹെക്ടർ കൃഷി ഏലകളിൽ കൃഷി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രത്യേക ടാർജറ്റ് ഓരോ കൃഷി ഭവനു കീഴിലും നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിൽ കർഷക വിദ്യാലയം പദ്ധതി പ്രകാരം 219.8 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്.

(ബി) ഡെമോൺസ്ട്രേഷൻ, സംയോജിത കീടരോഗ നിയന്ത്രണത്തെക്കുറിച്ചുള്ള കർഷകർക്കുള്ള പരിശീലന പരിപാടി, ഐ.പി.എം., കിറ്റ് തുടങ്ങിയവ ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക ടാർജറ്റ് ഓരോ കൃഷി ഭവനും നിശ്ചയിച്ചിട്ടുണ്ട്. കൃഷി ഭവന്റെ പേരും ടാർജറ്റും ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	കൃഷി ഭവൻ	കാർഷിക വയൽ വിദ്യാലയം
		ടാർജറ്റ് എണ്ണം
1	തലയാഴം	1
2	ഉദയനാപുരം	1
3	വെള്ളൂർ	1
4	തലയോലപ്പറമ്പ്	1
5	കല്ലറ	1
	ആകെ	5

വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

244 (1683) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഇഞ്ചി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(സി) ജില്ലയിൽ ആധുനിക ഇഞ്ചി സംസ്കരണശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly